

# ഡെബ്റ്റ് സ്വാപ്പിങ്



എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

കുടുംബശ്രീ നടത്തുന്ന മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങളെക്കുറിച്ച് Making an Impact 32, Making an Impact 48, Making an Impact 166 എന്നീ ലേഖനങ്ങളിൽ വായിച്ചിരിക്കുമല്ലോ. ഞങ്ങളുടെ മൈക്രോ ഫിനാൻസ് ടീമിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച പുതിയൊരു ആശയമാണ് ഡെബ്റ്റ് സ്വാപ്പിങ് അഥവാ കടം കൈമാറ്റം ചെയ്യൽ. ഒരു വർഷം മുൻപ് ഞങ്ങൾ പാലക്കാട് ജില്ലയിൽ നടത്തിയ ഒരു സർവ്വേയിൽ പല അയൽക്കൂട്ട അംഗങ്ങളും അയൽക്കൂട്ടത്തിൽ നിന്ന് വായ്പ എടുക്കുന്നതിന് പുറമേ ഒന്നിലധികം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കൊള്ളപ്പലിശക്കാരിൽ നിന്നോ വായ്പ എടുത്തിട്ടുണ്ടെന്നു മനസിലാക്കാൻ സാധിച്ചു. ഒരു കടം അടച്ചു തീർക്കാൻ മറ്റൊരു കടം എടുത്താണ് ഇത്തരത്തിൽ വിവിധ ഇടങ്ങളിൽ നിന്ന് കടക്കാരായി ഇവർ മാറിയിരുന്നത്. ഇത്തരം വായ്പകൾക്ക് 24 ശതമാനം മുതൽ 34 ശതമാനം വരെ പലിശയായി നൽകുകയും ചെയ്യേണ്ടി വന്നിരുന്നു. കുടുംബശ്രീയിൽ നിന്നുള്ള വായ്പയ്ക്ക് വെറും 4 ശതമാനം

മാത്രമാണ് പലിശ യെന്നിരിക്കെ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വലിയ പലിശയ്ക്ക് വായ്പ യെടുത്ത് അയൽക്കൂട്ടാംഗങ്ങൾ കടക്കെണിയിലേക്ക് പോകുന്നതിനു പരിഹാരം കണ്ടെത്താനായാണ് ഡെബ്റ്റ് സ്വാപ്പിങ് എന്ന പദ്ധതിക്ക് ഞങ്ങൾ രൂപം നൽകിയത്.

അയൽക്കൂട്ടാംഗങ്ങൾ മറ്റ് പല ഇടങ്ങളിൽ നിന്നെ ടുത്ത വായ്പ ബാങ്കിന്റെ ചെറിയ പലിശയ്ക്കുള്ള ഒറ്റ വായ്പയായി മാറ്റുകയെന്നതാണ് ഡെബ്റ്റ് സ്വാപ്പിങ് എന്ന ആശയം. ഇത്തരത്തിൽ ഒരു അയൽക്കൂട്ടം എടുത്ത ലോണുകളുടെ വിവരങ്ങളെ ല്ലാം ശേഖരിച്ച് അയൽക്കൂട്ടത്തിന് അക്കൗണ്ടുള്ള ബാങ്കിൽ അല്ലെങ്കിൽ മറ്റൊരു സഹകരണ- ദേശ സാൽകൃത ബാങ്കിൽ ഈ കടത്തിന്റെ വിവരങ്ങൾ അറിയിക്കുകയും ബാങ്ക് അയൽക്കൂട്ടം മറ്റ് ധനകാ ര്യ സ്ഥാപനത്തിൽ നിന്നെടുത്തിട്ടുള്ള വായ്പ തി രിച്ചടച്ചുകൊണ്ട് ബാങ്കിന്റെ ചെറിയ പലിശയുള്ള വായ്പയായി മാറ്റുന്നതാണ് ഡെബ്റ്റ് സ്വാപ്പിങ്.

അയൽക്കൂട്ട അംഗങ്ങൾക്ക് പലിശ ഇനത്തിൽ ഭീമ മായ തുക നൽകേണ്ടി വരുന്നത് ഒഴിവാക്കാനും കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്ന് അവരെ രക്ഷപ്പെടുത്താനും കടക്കെണിക്ക് ഒരു പരിധിവരെ പരിഹാരം കാണാനും ഈ പ്രവർത്ത നത്തിലൂടെ സാധിക്കുന്നു.

സഹകരണബാങ്കുകൾ വഴിയും ചില ദേശ സാൽകൃത ബാങ്കുകൾ വഴിയും നടത്തുന്ന ഈ പ്രവർത്തനങ്ങൾക്ക് ഞങ്ങൾ തുടക്കംകുറിച്ചിരി ക്കുകയാണ്. ഇതുവരെ 873 അയൽക്കൂട്ടങ്ങളുടെ കടം ഡെബ്റ്റ് സ്വാപ്പിങ് വഴി ബാങ്കിന്റെ കുറഞ്ഞ പലിശയ്ക്കുള്ള കടമായി ഞങ്ങൾ മാറ്റിക്കഴിഞ്ഞു. കേരളത്തിലെ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി യിൽ (എസ്എൽബിസി) ഇത്തരത്തിലുള്ള ആശ യം ഞങ്ങൾ അവതരിപ്പിക്കുകയും ഇതിന് വേണ്ടി എല്ലാ ബാങ്കുകൾക്കും ഒരു പ്രത്യേക പ്രോഡക്ട് തയാറാക്കാൻ എസ്എൽബിസി പ്രാഥമികമായി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഫിനാൻഷ്യൽ പ്രോഡക്ട് എസ്എൽബിസിയുടെ അംഗീകാരത്തോട് കൂടി എത്തുകയും ചെയ്താൽ പതിനായിരക്കണക്കിന് അയൽക്കൂട്ടങ്ങളുടെ കടം ഡെബ്റ്റ് സ്വാപ്പിങ് വഴി ബാങ്കിന്റെ ചെറിയ പലി ശയ്ക്കുള്ള കടമായി മാറ്റാൻ സാധിക്കുമെന്നും ഇതുവഴി കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്നും വലിയ കടക്കെണിയിൽ നിന്നും അയൽ ക്കൂട്ട അംഗങ്ങളെ രക്ഷിക്കാൻ കഴിയുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. കേരളത്തിലെ സാധാര ണക്കാരുടെ സാമ്പത്തിക ശാക്തീകരണത്തിന് ഒരു പുതിയ മാനം നൽകാനും അവരെ കടക്കെണി യിൽ നിന്നു മോചിപ്പിക്കാനും ഞങ്ങളുടെ ഡെബ്റ്റ് സ്വാപ്പിങ്ങിന് കഴിയുമെന്ന് കരുതുന്നു.